(1)	(2)	(3)
6. പട്ടണക്കാട്	11-ൽ ബി.ബി.എം.എൽ.പി.എസ്. ഗ്രൗണ്ട് മണ്ണിട്ട് ഉയർത്തൽ	3,60,000
7. കുത്തിയതോട്	പള്ളിത്തോട് സെന്റ് സെബാസ്റ്റ്യൻ എച്ച്.എസ്.എസ്. ഗ്രൗണ്ട് മണ്ണിട്ട് ഉയർത്തൽ, കാന ഡ്രെയിനേജ് സ്കൂളിന് സമീപമുള്ള തോടിന്റെ സൈഡ് പ്രൊട്ടക്ഷൻ	8,05,000
8. പള്ളിത്തോട്	പി.എച്ച്.സി.-ക്ക് അനുവദിച്ച ഐ.പി. ബ്ലോക്കിന് കെട്ടിട നിർമ്മാണം	15,00,000
9.ജനറൽ	(മൊബൈൽ മാവേലി സ്റ്റോർ)	12,00,000

(ഇ) അരൂർ മണ്ഡലത്തിൽ നിന്നും നൽകിയ നിർദ്ദേശങ്ങളിൽ ഏറ്റവും കൂടുതൽ തുകയായ 26.13 ലക്ഷം രൂപയ്ക്കുള്ള കുടിവെള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്..

(എഫ്) ആലപ്പുഴ ജില്ലയിൽ സമഗ്രതീരദേശ വികസന പദ്ധതി പ്രകാരം സ്കൂളുകൾക്കായി ആകെ 7.34295 ലക്ഷം രൂപയ്ക്കുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. കുടിവെള്ള പദ്ധതിപോലെയുള്ള അവശ്യ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ഈ പദ്ധതിയിൽ മുൻഗണന നൽകുന്നത്.

(ജി) തീരപ്രദേശങ്ങളുടെ വികസന പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി കേരള സർക്കാർ രൂപം നൽകിയ ബൃഹത്തായ വികസന പദ്ധതിയായ സമഗ്ര തീരപ്രദേശ വികസന പദ്ധതി പ്രകാരം ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പ്രദേശങ്ങൾക്ക് കൂടുതൽ പരിഗണന നൽകി വരുന്നുണ്ട്.

ചിറയിൻകീഴ് സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിട നിർമ്മാണം

235 (1993) ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചിറയിൻകീഴ് സബ് രജിസ്ട്രേഷൻ ഓഫീസ് കെട്ടിടം കാലപ്പഴക്കം കൊണ്ട് ജീർണ്ണിച്ച് അപകടാവസ്ഥയിലായതിനാൽ പുതിയ കെട്ടിടം പണിയുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ബി) പുതിയ രജിസ്ട്രേഷൻ ഓഫീസ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് ഡിപ്പാർട്ട്മെന്റ് തുക അനുവദിച്ച കൂട്ടത്തിൽ പ്രസ്തുത രജിസ്ട്രേഷൻ ഓഫീസ് ഉൾപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ലക്ഷം രൂപയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ തുക അനുവദിക്കുന്നതിനുള്ള നടപടി അടിയന്തരമായി സ്വീകരിക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം പണിയുന്നത് സംബന്ധിച്ച് മേൽ നടപടികൾ സ്വീകരിക്കുവാൻ തിരുവനന്തപുരം ജില്ലാ രജിസ്ട്രാർക്ക് (ജനറൽ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) ഈ സാമ്പത്തിക വർഷം ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണത്തിനായി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല.

(സി) ചിറയിൻകീഴ് സബ് രജിസ്ട്രാർ ഓഫീസ് കെട്ടിട നിർമ്മാണം സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും പൊതുമരാമത്ത് വകുപ്പിൽ നിന്നും ലഭ്യമാക്കി ഭരണാനുമതി ലഭ്യമായതിന് ശേഷം മേൽനടപടികൾ സ്വീകരിക്കുന്നതാണ്.

വസ്തു കൈമാറ്റമില്ലാത്ത ആധാരങ്ങളുടെ താരിഫ് വില

236 (1994) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൈപ്പിശകുകൊണ്ട് വരുന്ന തെറ്റുകൾ തിരുത്തി പിഴ തിരുത്തധാരം രജിസ്റ്റർ ചെയ്യുക, വസ്തു കൈമാറ്റം വരുത്താതെയുള്ള ജന്മാവകാശ ഒഴിമുറി, അനുഭോഗാവകാശ ഒഴിമുറി തുടങ്ങിയ ആധാരങ്ങൾക്കും താരിഫ് വില കണക്കാക്കി മുദ്ര വില ചുമത്തണമെന്ന് രജിസ്ട്രേഷൻ ആക്ടിൽ നിഷ്കർഷിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇപ്രകാരം വേണമെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നിർബന്ധിക്കുന്നതു കാരണം ഇത്തരം ആധാരങ്ങൾ രജിസ്റ്റർ ചെയ്യപ്പെടാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ വസ്തു കൈമാറ്റമില്ലാത്ത ആധാരങ്ങൾക്ക് താരിഫു വില ചുമത്തണമെന്ന നിർദ്ദേശം ഒഴിവാക്കുമോ ; ഇക്കാര്യം ഉറപ്പുവരുത്തുന്നതിനായി സർക്കാർ ഒരു സർക്കുലർ പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) ഭൂമിയുടെ ന്യായവില സംബന്ധിച്ച് 1959-ലെ കേരള മുദ്രപ്പത്ര നിയമത്തിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഭൂമിയുടെ കൈമാറ്റം ഉൾക്കൊള്ളുന്ന കരണങ്ങൾക്ക് ന്യായവില അനുസരിച്ചുള്ള മുദ്രവില തീർപ്പിക്കണമെന്നാണ് മുദ്രപ്പത്രനിയമത്തിന്റെ 45 എ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ബി) ഇല്ല.

(സി) 1959-ലെ കേരള മുദ്രപത്ര നിയമം 45 (എ) വകുപ്പനുസരിച്ച് ഭൂമി കൈമാറ്റം സംബന്ധിച്ച ഡ്യൂട്ടി ചുമത്തേണ്ടതായ ഏതൊരു കരണവും, രജിസ്ട്രേഷനായി ഹാജരാക്കുമ്പോൾ ആ കരണത്തിൽ കാണിച്ചിട്ടുള്ള ഭൂമിയുടെ വില അല്ലെങ്കിൽ പ്രതിഫലം ആ ഭൂമിയുടെ ന്യായവിലയാണോ എന്ന് രജിസ്റ്റർ ചെയ്യുന്ന ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭൂമി കൈമാറ്റം ഉൾക്കൊള്ളുന്ന ആധാരങ്ങൾക്ക് മാത്രമേ ന്യായ വില

LIBRARY ARCHIVES Kerala Legislative Assembly